ആ വർഷം തന്നെ ചെലവാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത സംസ്ഥാനത്ത് തുടരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച് ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന തുക ചെലവായതായി ഗവൺമെന്റ് അക്കൗണ്ടിൽ കണക്കാക്കുകയും ഗവൺമെന്റ് അക്കൗണ്ട് സങ്കീർണ്ണമാകുകയും ചെയ്യുന്നു. അങ്ങനെ ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക സാമ്പത്തിക നിയന്ത്രണത്തിൽപ്പെടാതെ വഴിമാറ്റി ചെലവഴിക്കുവാൻ ഇടയാകുന്നു. ഇങ്ങനെയുള്ള ക്രമക്കേടുകൾ തടയുന്നതിനും ചെലവഴിക്കപ്പെടാതെ ടി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ സർക്കാർ അക്കൗണ്ടിലേക്ക് തിരികെ കൊണ്ടുവരുന്നതിനും സർക്കാർ അക്കൗണ്ടുകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടിയാണ് സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ടി.പി. അക്കൗണ്ടുകൾ നിറുത്തലാക്കിയത്.

ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ ക്രമക്കേട് നടത്തിയ വകുപ്പുകൾ

22 [3307] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ ഏതെല്ലാം വകുപ്പുകളിലാണ് പണം ട്രഷറിയിൽ നിന്ന് പിൻവലിച്ചശേഷം ഒരു മാസക്കാലത്തോളം കൈയിൽ തന്നെ ചെലവാക്കാതെ സൂക്ഷിച്ചിരുന്നതെന്നും എത്ര രൂപയാണ് ഇപ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് സൂക്ഷിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം സൂക്ഷിക്കുന്നത് കുറ്റകരമാണോ;

(സി) എങ്കിൽ ക്രമവിരുദ്ധമായി ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം സൂക്ഷിച്ചിരുന്ന ഏതൊക്കെ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ധനകാര്യ വകുപ്പു നടത്തിയ പരിശോധനയിൽ കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, റവന്യൂ, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, മത്സ്യബന്ധനം എന്നീ വകുപ്പുകളിലെ വിവിധ ഓഫീസുകളിൽ ട്രഷറിയിൽ നിന്നു പിൻവലിച്ച പണം മുഴുവൻ ചെലവാക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഈ ഓഫീസുകളിലെല്ലാമായി 16.07 കോടി രൂപ ഇപ്രകാരം സൂക്ഷിച്ചിരുന്നതായി കണ്ടെത്തി.

(ബി) ട്രഷറിയിൽ നിന്നും പിൻവലിച്ച പണം സാമ്പത്തിക വർഷം കഴിഞ്ഞിട്ടും കൈയിൽ സൂക്ഷിക്കുന്നത് കുറ്റകരമാണ്.

(സി) താഴെപ്പറയുന്ന ഓഫീസുകളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്. നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പ്

(1) കളക്ടറേറ്റ് എറണാകുളം.

(2) മൂവാറ്റുപുഴ, കൊച്ചി, മാനന്തവാടി, സുൽത്താൻ ബത്തേരി, ചിറ്റൂർ, മണ്ണാർക്കാട്, തൃശ്ശൂർ, മുകുന്ദപുരം, ചാവക്കാട്, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ തഹസിൽദാർമാർ.

കൃഷി വകുപ്പ്

(1) പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, ആലപ്പുഴ, കണ്ണൂർ.

(2) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ കടുത്തുരുത്തി, കോട്ടയം, മാള.

പട്ടികജാതി വികസന വകുപ്പ്

(1) കടുത്തുരുത്തി, കോഴിക്കോട്, ബാലുശ്ശേരി, കുറ്റിപ്പുറം, പൊന്നാനി, എടക്കാട്, പത്തനാപുരം എന്നിവിടങ്ങളിലെ പട്ടികജാതി വികസന ഓഫീസർമാർ.

(2) പട്ടികജാതി വികസന വകുപ്പ് ജില്ലാ ഓഫീസർ, തൃശ്ശൂർ.

വിദ്യാഭ്യാസം

തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, തിരൂർ, തൊടുപുഴ, കട്ടപ്പന എന്നീ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

ആരോഗ്യം

ജില്ലാ ആശുപത്രി മാനന്തവാടി.

പട്ടികവർഗ്ഗ വികസനം

നെടുമങ്ങാട്, കൽപ്പറ്റ എന്നിവിടങ്ങളിലെ പ്രോജക്ട് ഓഫീസർമാർ.

കോഴിക്കോട് ജില്ലയിൽ പുതിയ സബ്ട്രഷറി തുടങ്ങുന്നതിന് നടപടി

23 [3308] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയ സബ്ട്രഷറികൾ തുടങ്ങുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ ഒരു സബ്ട്രഷറി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly